**പതിനാലാം കേരള നിയമ സഭ**
**പതിനൊന്നാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ: 2882. 18/06/2018 ലെ മറുപടിക്ക്

<u>അമരവിളയിൽ അസാപ്പിന്റെ സ്കിൽ പാർക്ക് നിർമ്മാണം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ. ആൻസലൻ

പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അമരവിളയിൽ സ്ഥാപിക്കുന്ന അസാപ്പിന്റെ സ്കിൽ പാർക്കിന്റെ നിർമ്മാണത്തിന് നൽകിയ ടെണ്ടർ നിലവിൽ റദ്ദാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | ഇല്ല. |
| ബി) | സ്കിൽ പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട്, സിഡ്കോയുടെ ഭൂമിയിൽ ഉണ്ടായിരുന്ന ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങൾ ലേലം ചെയ്യാൻ അസാപ്പ് അധികൃതർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | ബി) | 30/10/2017-ൽ അമരവിള ടൈൽ ഫാക്ടറിയുടെ സ്ഥലത്ത് വെച്ച് ഒരു പൊതു ലേലം നടത്തുകയും ലേലതുക സർക്കാർ വ്യവസ്ഥകൾ (Govt. Norms) അനുസരിച്ച് കിട്ടാതിരുന്ന സാഹചര്യത്തിൽ ലേലം സ്ഥിരപ്പെടുത്തിയില്ല. തുടർ നടപടികൾക്ക് ശേഷം 25/05/2018-ൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിനായി ഇ-ടെൻഡർ (e-tender) ചെയ്തു. എന്നാൽ ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ ലേല തീയതി 15 ദിവസത്തേക്ക് കൂടി നീട്ടാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. |
| സി) | അസാപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ തറക്കൽ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സിഡ്കോയിൽ നിന്നും ഭൂമി കൈമാറ്റം ചെയ്യുന്നതിനും പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനും ഉണ്ടായ കാലതാമസമാണ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം. |
| ഡി) | സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | ഡി) | പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന കെട്ടിടം പൊളിച്ചു മാറ്റുന്ന മുറയ്ക്ക് സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ